## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.214

18/06/2018 - ൽ മറുപടിക്ക്

## സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വയംഭരണ അവകാശം ലഭിച്ച കോളേജുകളുടെ അക്കാദമിക് നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ കമ്മിറ്റികളെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;; | (എ) സംസ്ഥാനത്തെ സ്വയംഭരണ കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഡോ.ജോയ് ജോബ് കുളവേലിൽ അദ്ധ്യക്ഷനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത കോളേജുകളുടെ കാര്യത്തിൽ സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെയും സ്വയംഭരണാധികാരത്തെയും ബാധിക്കുന്ന തരത്തിലുള്ള എന്തെങ്കിലും പുതിയ തീരുമാനം കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യു. ജി. സി. 2018 ൽ പുറപ്പെടുവിച്ച **Conferment of Autonomous Status Upon Colleges and Measures for Maintenance of Standards in Autonomous Colleges Regulation, 2018** എന്ന റെഗുലേഷൻ പ്രകാരം സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ സർവ്വകലാശാലകളുടെ മുൻകൂർ അനുമതി ആവശ്യമില്ല. പ്രസ്തുത നിബന്ധന സ്വയംഭരണ കോളേജുകൾക്ക് മേലുള്ള സർവ്വകലാശാലകളുടെ നിയന്ത്രണാധികാരത്തെ ബാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | റൂസ ഫണ്ട് അനുവദിക്കുന്നതിന് സ്വയംഭരണ കോളേജുകളെയും എയ്ഡഡ് കോളേജുകളെയും ഉൾപ്പെടുത്തണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നിലപാട് എന്താണ്; പ്രസ്തുത നിർദ്ദേശത്തിനനുസൃതമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ? | (സി) | റൂസ പദ്ധതി Phase – 2 ലെ ഒൻപതാം ഘടകം അനുസരിച്ച് 2.5-ഓ അതിലധികമോ NAAC/NBA പോയിന്റ് ലഭിച്ചിട്ടുള്ള സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് 2 കോടി രൂപ വരെ ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിനായി അപേക്ഷിക്കാൻ യോഗ്യതയുണ്ട്.<br>റൂസ പദ്ധതി Phase – 2 ലെ ഘടകം 8 പ്രകാരം സ്വയംഭരണ കോളേജുകൾക്ക് അദ്ധ്യാപന - ഗവേഷണ മേഖലകളിലെ ഗുണനിലവാര വർദ്ധന ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ വരെ ധനസഹായത്തിന് അർഹത ഉണ്ട്. 3.51-ഓ അതിലധികമോ NAAC പോയിന്റ് ഉണ്ടായിരിക്കണമെന്നതാണ് നിബന്ധന. ഇതിൻപ്രകാരം സംസ്ഥാനത്തെ 5 സ്വയംഭരണ കോളേജുകൾക്ക് ധനസഹായത്തിന് അർഹതയുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**